മൺപാത്ര നിർമ്മാണ സമുദായാംഗങ്ങളുടെ പുനരുദ്ധാരണം

123 [2292] ശ്രീ. വർക്കല കഹാർ:
ശ്രീമതി മേഴ്സി രവി:
ശ്രീ. സി. പി. മുഹമ്മദ്:
പ്രൊഫ. എ. ഡി. മുസ്തഫ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക വർഗ്ഗ പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൺപാത്രങ്ങൾക്കുള്ള ആവശ്യം കുറഞ്ഞതോടെ മൺപാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിട്ടുള്ള സമുദായത്തിലെ അംഗങ്ങൾ തൊഴിൽ രഹിതരായി തീർന്നിട്ടുണ്ടോ;

(ബി) തമിഴ്നാട്ടിൽ നിന്ന് വരുന്ന മൺപാത്രങ്ങളുടെ വിലക്കുറവ് കാരണം അവയുമായി സംസ്ഥാനത്ത് നിർമ്മിക്കുന്ന മൺപാത്രങ്ങൾക്ക് മത്സരിക്കാൻ സാദ്ധ്യമല്ലാത്ത അവസ്ഥ സംജാതമായിട്ടുണ്ടോ;

(സി) മൺപാത്ര നിർമ്മാണത്തിലേർപ്പെട്ടിട്ടുള്ള സമുദായത്തിൽപ്പെട്ടവരുടെ പുനരുദ്ധാരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ, ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കളിമൺ വ്യവസായം ലാഭകരമല്ലാതെ വന്ന സാഹചര്യത്തിൽ ഈ തൊഴിലിൽ വ്യാപൃതരായിരുന്ന ഊരാളി, കുറുമർ, ഇതര ജോലികളിൽ ഏർപ്പെട്ടുവരുന്നു. വേളാൻ, കുശവൻ, കുലാലൻ, കുംഭാരൻ, ഓടൻ, ആന്ധ്രാ നായർ, ആന്ധ്രുരു നായർ എന്നീ സമുദായക്കാരെ ഒ. ഇ. സി. ലിസ്റ്റിൽ ഉൾപ്പെടുത്തി പട്ടികജാതിക്കാർക്ക് അനുവദിച്ചുവരുന്ന എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും നൽകി വരുന്നു. ഈ തൊഴിലിൽ ഏർപ്പെട്ടിരുന്നവർക്ക് കേരള കൈത്തൊഴിലാളി—വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗങ്ങളായി ചേരാവുന്നതും പദ്ധതിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ സ്വീകരിക്കാവുന്നതുമാണ്.

തൃശ്ശൂരിൽ സാംസ്കാരിക കേന്ദ്രം ആരംഭിക്കാൻ നടപടി

124 [2294] ശ്രീ. കെ. പി. രാജേന്ദ്രൻ:
,, മാടക്കാട് രാധാകൃഷ്ണൻ:
,, പി. നാരായണൻ:
,, ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക വർഗ്ഗ പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിനും അവയെ പ്രോത്സാഹിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ?

(ബി) മൺമറഞ്ഞുപോയ സാംസ്കാരിക നായകരെയും കലാ-സാംസ്കാരിക രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തികളെയും പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്തുന്നതിന് സാംസ്കാരിക വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly